## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3904

20 .07.2015-ൽ
മറുപടിയ്ക്ക്

### 'മേപ്പയ്യൂർ വില്ലേജിൽ ഭൂനികുതി സ്വീകരിക്കാത്തതിന്മേൽ നടപടി '

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | മറുപടി<br>ശ്രീ. അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) മേപ്പയ്യൂർ വില്ലേജിലെ ചില ഭാഗങ്ങളിൽ ഭൂനികുതി സ്വീകരിക്കാത്തത് കാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് നികുതി സ്വീകരിക്കാത്തതെന്നും ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ? | (എ) & (ബി) മേപ്പയ്യൂർ വില്ലേജിൽ റീസർവ്വേ പ്രവർത്തികൾ പൂർത്തീകരിച്ച് 31/03/2013 മുതൽ റിക്കോർഡുകൾ തയ്യാർ ചെയ്തിട്ടുണ്ട് എന്നും പോക്കുവരവ് ചട്ടങ്ങൾ 1966 പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ചശേഷമാണ് കൈവശക്കാരിൽ നിന്നും നികുതി സ്വീകരിക്കുന്നതെന്നും കൊയിലാണ്ടി തഹസിൽദാർ അറിയിച്ചിട്ടുണ്ട്. ആദ്യത്തെ തവണ ഇത്തരത്തിൽ നടപടികൾ സ്വീകരിക്കേണ്ടതിനാലാണ്, കാലതാമസം ഉണ്ടാകുന്നു എന്ന ആക്ഷേപം ഉയർന്നത്. എന്നാൽ, ഇപ്പോൾ നടപടികൾ നിശ്ചിത സമയത്തിനകം തന്നെ പൂർത്തീകരിക്കുകയും ഭൂവുടമകളിൽ നിന്നും നികുതി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ